(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസനവകുപ്പുമുഖേന 20,372 പട്ടികജാതി കുടുംബങ്ങൾക്കും, പട്ടികവർഗ്ഗ വികസന വകുപ്പുവഴി 6,568 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് വയ്ക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) ഭവനരഹിതരായ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും എത്രയും പെട്ടെന്ന് വീട് നൽകുകയാണ് സർക്കാരിന്റെ ലക്ഷ്യം.

പട്ടികജാതി/പട്ടികവർഗ്ഗ സമുദായത്തിലുള്ള കുട്ടികൾക്ക് ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി

25 [605] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ പത്തനംതിട്ട ജില്ലയിലെ കോളേജ്/സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗത്തിലുംപെട്ട കുട്ടികൾക്കും മുസ്ലീം പെൺകുട്ടികൾക്കും നൽകിയ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് തുകകൾ ഏത് മാസങ്ങളിലായാണ് നൽകിയത് എന്ന് വിദ്യാഭ്യാസ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) സ്കൂൾ തുറന്ന് ആദ്യമാസത്തിൽത്തന്നെ ഈ തുക വിതരണം ചെയ്യുവാനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി/മറ്റു പിന്നോക്ക വിഭാഗത്തിലുംപെട്ട വിദ്യാർത്ഥികളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്. പത്തനംതിട്ട റവന്യൂജില്ലയിൽ പത്തനംതിട്ട വിദ്യാഭ്യാസ ജില്ല മാത്രമേയുള്ളൂ. ഈ ജില്ലയിൽ സ്കൂൾ/കോളേജ് തലങ്ങളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 5/04, 6/04, 7/04, 9/04, 10/04, 11/04, 12/04, 1/05, 2/05, 3/05 എന്നീ മാസങ്ങളിലായിട്ടാണ് വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്തിട്ടുള്ളത്.

(ബി) സ്കൂൾ തുറന്ന് ആദ്യമാസത്തിൽത്തന്നെ ലംപ്സംഗ്രാന്റ് തുകയും, പ്രീമെട്രിക് കുട്ടികൾക്ക് ഒരു മാസത്തെ സ്റ്റൈപ്പന്റും, പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് 4 മാസത്തെ സ്റ്റൈപ്പന്റും മുൻകൂറായി നൽകുന്നുണ്ട്. തുടർന്നുള്ള മാസങ്ങളിലെ സ്റ്റൈപ്പന്റ് വിദ്യാർത്ഥികളുടെ അപേക്ഷ ലഭ്യമാക്കി അർഹത പരിശോധിച്ച് അനുമതി നൽകിയശേഷം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ തുക നൽകിവരുന്നു. ഒരു വർഷത്തെ മുഴുവൻ സ്റ്റൈപ്പന്റും ആദ്യമാസത്തിൽത്തന്നെ നൽകാൻ വ്യവസ്ഥയില്ല. ജൂലൈ മുതൽ

LIBRARY ARCHIVES Kerala Legislative Assembly

ഓണഅവധിവരെയുള്ള മാസങ്ങളിലെ സ്റ്റൈപ്പന്റ് ഓണത്തിനുമുമ്പും ഡിസംബർ വരെയുള്ള സ്റ്റൈപ്പന്റ് ക്രിസ്തുമസ് അവധിക്കുമുമ്പും മാർച്ചുവരെയുള്ള സ്റ്റൈപ്പന്റ് മാർച്ച് മാസത്തിലും നൽകുന്നതിനാണ് നിലവിൽ ഉത്തരവുള്ളത്.

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിനുള്ള നടപടി

26 [606] *ശ്രീ. കെ. ബാബു:*

,, കെ. സുധാകരൻ:

ഡോ. എം. എ. കുട്ടപ്പൻ:

പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകി;

(ബി) ആകെ എത്ര ഭൂമി വിതരണം ചെയ്തു;

(സി) ഭൂമിയില്ലാത്ത എത്ര പട്ടികവർഗ്ഗക്കാർക്കുകൂടി ഇനി ഭൂമി നൽകേണ്ടതുണ്ട്;

(ഡി) അതിനുള്ള ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 3,253 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക്.

(ബി) 5398.92 ഏക്കർ ഭൂമി.

(സി) ഭൂരഹിതരായ 19,151 ആദിവാസി കുടുംബങ്ങൾക്കുകൂടി ഭൂമി നൽകേണ്ടതുണ്ട്.

(ഡി) ഉണ്ട്. വയനാട് ജില്ലയിൽ 700 ഏക്കർ ഭൂമിയും കേന്ദ്ര സർക്കാരിൽ നിന്നും ഏറ്റെടുത്തിട്ടുള്ള ആറളം ഫാമിന്റെ പകുതി ഭാഗവും (3,750 ഏക്കർ). ആലക്കോട് എസ്റ്റേറ്റിലെ 635 ഏക്കർ ഭൂമിയും ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യുന്നതാണ്. 19,000 ഏക്കർ വനഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി വിട്ടുതരുന്നതിന് കേന്ദ്ര സർക്കാർ തത്ത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ചില വ്യവസ്ഥകൾ ഒഴിവാക്കിക്കിട്ടുന്നതിന് കേരള സർക്കാർ സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ട്.

GPM. 2/574/2012—10

LIBRARY ARCHIVES Kerala Legislative Assembly